പോലീസുകാരൻ ആദ്യമായി അന്യായമായി പെരുമാറിയെന്ന കേസിലുൾപ്പെട്ട കുറക്കാരായിട്ടുള്ളവരെക്കുറിച്ചുള്ള അന്വേഷണമല്ല ഇപ്പോൾ അവിടെ Special Police നടത്തുന്നതു്. തെളിവെടു ക്കുന്നതിന്റെ പേരിൽ നിരുപദ്രവികളെ ഉപദ്രവിക്കയാണു്.

Shri George Joseph Podippara: Sir, a point of order. Is there scope for a discussion like this?

Mr. Speaker: That is what I am saying. Please try to be brief.

Shri P. M. Kunhiraman Nambiar: Sir, just a minute. അപ്പോൾ അങ്ങനെ അവിടെ മേൽപ്രസ്താവിച്ച പ്രകാരമുള്ള കുഴപ്പമുണ്ടായി അവിടെ രണ്ടു ഗ്രൂപ്പുകളായിമാറിയിരിക്കാം. അവിടെ നടന്ന വഴക്കിന്റെ ഫലമായി സമാധാന സംരക്ഷണത്തിനു് പോയിട്ടുള്ള പോലീസുകാർ സാധാരണഗതിയിൽ ഒരു കേസ്സു രജിസ്റ്റർചെയ്യു് അന്വേഷണം നടത്തി കുറക്കാരായിട്ടുള്ളവരുടെ പേരിൽ കേസ്സെടുക്കുവാൻ ശ്രമിക്കുന്നതു എനിക്കു മനസ്സിലാക്കാം. എന്നാൽ ഇന്നു പോലീസുകാർ അവിടെ പോയി അവിടെയുള്ള ജനങ്ങളെ വളരെ ഏറെ മർദ്ദിക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തുവെന്നാണു് എനിക്കറിയാൻ സാധിച്ചതു്. കൂടുതൽ എം. എസ്സു്. പി. ക്കാരും മറ്റും അവിടെ പോയി ദിവസവും ജനങ്ങളെ ഉപദ്രവിക്കുകയാണു്. സ്ത്രീകളെക്കൂടി ഉപദ്രവിക്കുകയും അപമാനിക്കുകയും ചെയ്തുവരുന്നു. പകൽക്കാലത്തുതന്നെ സ്ത്രീകൾക്കു് രക്ഷയില്ല. രാത്രിയിൽ വീട്ടിൽ കിടന്നുറങ്ങുന്ന സ്ത്രീകളെയും വെറുതെ വിടുകയില്ലെന്നോ? ഇതേസംബന്ധിച്ചു് ഗവണ്മെന്റു് ന്യായമായും നിഷ്പക്ഷമായും ഒരു അന്വേഷണം നടത്തി കുറക്കാരായിട്ടുള്ളവരെ ശിക്ഷിക്കണം എന്നുള്ളതാണു് എന്റെ അടിയന്തിരപ്രമേയംകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. അങ്ങനെ ഒരു അന്വേഷണം നടത്തിയിട്ടു ഞാൻ ന്യായമായി കൊണ്ടുവന്നിട്ടുള്ള ആരോപണങ്ങളും തെറ്റാണെന്നു കാണുന്നപക്ഷം ഞാൻ ഈ അസംബ്ലിയിൽവച്ചു് മാപ്പുചോദിക്കാൻ തയാറാണു്. അതുകൊണ്ടു മന്ത്രി ഇക്കാര്യം വളരെ ഗൗരവമായിട്ടു് എടുത്തു മദ്യപാനിയെ രക്ഷിക്കുവാൻവേണ്ടി പോയതുകൊണ്ടാണോ അതല്ല, എന്തെങ്കിലും വീട്ടിൽ പോലീസുകാരൻ പോയി അക്രമം കാണിച്ചതുകൊണ്ടാണോ ഈ കുഴപ്പം നടന്നിട്ടുള്ളതിനെക്കുറിച്ചു് അന്വേഷിക്കണം എന്നു ഞാൻ പറയുകയാണു്.

Mr. Speaker: Order, order. In view of the facts stated by the hon. Minister, I withhold consent to the moving of the motion.

(iii) Collapse of a building under construction in the premises of the Medical College Hospital, Trivandrum, and the injury caused to certain workers thereby

Mr. Speaker: There is another adjournment motion given notice of by Shri E. P. Gopalan regarding the collapse of a building under construction in the premises of the Medical College Hospital, Trivandrum and the injury caused to certain workers thereby. I call upon the hon. Minister for Public Health to state the facts.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ): സർ, ഒരു അടിയന്തിരപ്രമേയം എന്നുള്ള നിലയിൽ ഈ വിഷയം ഈ അവസരത്തിൽ ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. തിരുവനന്തപുരം മെഡിക്കൽകോളേജു കാമ്പസ്സിൽ 17–ാംനമ്പർ വാർഡിനോടു് സമീപം ഒരു കാർഷെഡ്ഡു് ഇപ്പോൾ പണിതുകൊണ്ടിരിക്കുകയാണു്. ഉദ്ദേശം 67 അടി നീളവും 16½ അടി വീതിയുമുള്ള ആറു കാറുകൾ ഇടത്തുക്കു ഒരു ഷെഡ്ഡാണു് പണിതുകൊണ്ടിരുന്നതു്. 8,210 രൂപയുടെ ഒരു എസ്റ്റിമേറ്റാണു് അതിനുണ്ടായിരുന്നതു്. പല ടെൻഡറുകളുണ്ടായിരുന്നു. അതിൽ ഏറ്റവും കുറഞ്ഞ 5,700 രൂപയുള്ള ടെൻഡർ സ്ഥിരപ്പെടുത്തി കഴിഞ്ഞ നവംബർമാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. പി. ഗോവിന്ദൻ നായർ]

അതിന്റെ പണി ആരംഭിച്ചു. മൊത്തം 67 അടി നീളവും 16½ അടി വീതിയുമുള്ള ഷെഡ്ഡിനു 3 റോയിലായിട്ട 8 തൂണുകളും വീതം 24 തൂണുകളും ഉണ്ടായിരുന്നു. ഇന്നലെ വൈകുന്നേരം ഈ തൂണുകൾ ഇടിഞ്ഞു ഷെഡ്ഡു താഴോട്ടിരിക്കുകയാണുണ്ടായതു്. അപ്പോൾ അതിനകത്തു ജോലിചെയ്യുകൊണ്ടിരുന്ന നാലു ജോലിക്കാരുണ്ടായിരുന്നു. അതിൽ ഒരു ജോലിക്കാരൻ ഓടി രക്ഷപ്പെട്ടു. മൂന്നുപേർ ഇതിൽപ്പെട്ടുപോയി. അതിൽ ഒരു സ്ത്രീയുമുണ്ടായിരുന്നു. അവരിൽ സ്ത്രീയുംപ്പെടെ രണ്ടുപേർക്കു കാര്യമായി പരിക്കു ഒന്നുമില്ല. ഒരാളുടെ നില ഗുരുതരമായിരുന്നു. കാര്യമായ പരിക്കു പറ്റാത്ത രണ്ടുപേർക്കും ആവശ്യമായ പ്രാഥമികശുശ്രൂഷ എല്ലാം നൽകി ഇന്നുതന്നെ അവരെ ഡിസ്ചാർജ്ജു ചെയ്യാൻ സാധിക്കുമെന്നാണു് അറിയാൻ കഴിഞ്ഞതു്. മറ്റൊരു രോഗിയെ സംബന്ധിച്ചിടത്തോളം വളരെ ഗുരുതരമായ പരിക്കുകൾ ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ ആ രോഗി ഇന്നുരാവിലെ മരണമടയുകയുണ്ടായി. ശ്രീമാൻ ഈ. പി. ഗോപാലനു തോന്നിയതുപോലെ ഈ കെട്ടിടം വീണതിനടിയിൽ കൂടുതൽ ആളുകൾ അതിൽ പെട്ടുപോയിട്ടുണ്ടോ എന്നുള്ള സംശയം തീർക്കുന്നതിനായി അതിനുവേണ്ട എല്ലാ പരിശോധനയും നടത്തി. കൂടുതലായി ആരും തന്നെ അതിനടിയിലായിട്ടില്ല എന്നു ബോദ്ധ്യം വന്നിട്ടുണ്ടു്. ഞാൻ ആ സ്ഥലത്തുപോകുകയുണ്ടായി. ചില ആളുകൾ ഈ വിധത്തിൽ ഒരു സംശയം പ്രകടിപ്പിക്കുന്നതുകൊണ്ടു് ആളുകളുടെ സംശയനിവാരണത്തിനുവേണ്ടി വീണ്ടും ആ മണ്ണു മാറ്റി പരിശോധിച്ചു. വേറെ ആരും അതിൽപ്പെട്ടുപോയിട്ടില്ല. ഏതായാലും വളരെ നിർഭാഗ്യകരമായ ഒരു സംഭവമായിരുന്നു അതു്. നിർഭാഗ്യകരമായ ഈ സംഭവത്തിന്റെ വിശദവിവരങ്ങൾ അറിയണമെന്നു ഗവണ്മെന്റു് വിചാരിക്കുന്നു. അവിടെ ഈ സംഭവം ഒഴിവാക്കത്തക്ക വല്ലതും ഉണ്ടായിരുന്നോ എന്നെല്ലാമുള്ള കാര്യങ്ങളെപ്പറ്റി വിശദമായിട്ടു അറിയണമെന്നു ഗവണ്മെന്റു തീരുമാനിച്ചു. അതനുസരിച്ചു് തിരുവനന്തപുരം കളക്ടറെ കഴിയുന്നതുംവേഗം അന്വേഷണം നടത്തി ഗവണ്മെന്റിലേക്കു റിപ്പോർട്ടു തരണമെന്നു ചുമതലപ്പെടുത്തി തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ടു്. അധികം താമസിക്കാതെ റിപ്പോർട്ടു കിട്ടും. റിപ്പോർട്ടു കിട്ടുന്ന മുറയ്ക്കു് ആവശ്യമായ നടപടികളും സ്വീകരിക്കാവുന്നതാണു്. ആ നിലയ്ക്കു് പ്രത്യേകമായി ഈ പ്രമേയം ചർച്ചചെയ്യേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ : സർ, ഇതിനെപ്പറ്റി ഒരു വാക്കു പറയാൻ ഞാനാഗ്രഹിക്കുന്നു. മെഡിക്കൽ കാളേജ് ക്യാമ്പസ്സിലെ ഒരു സ്ലാബ് ഇന്നലെ നാലുമണിക്കാണു് വീണതു്. തിരുവനന്തപുരം പട്ടണത്തിനു് എത്ര മേൽ അടുത്താണു് ഈ സംഭവം നടന്നസ്ഥലമെന്നു പറയേണ്ട ആവശ്യമില്ലല്ലോ. വളരെ ഗൗരവമുള്ള ഒരു കാര്യമാണു്; അതു ആ നിലയിൽ മന്ത്രി കണക്കാക്കീട്ടില്ലെന്നതോന്നുന്നു. കാര്യമായ ഒരു സംഗതി മന്ത്രി പറയാതെ ഒഴിവാക്കിയിട്ടുള്ളതു് അങ്ങയുടേയും, ഈ സഭയുടെയും ശ്രദ്ധയിൽപെടുത്തണമെന്നു ഞാൻ വിചാരിക്കുന്നു.

സർ, ഇന്നലെ നാലുമണിക്കാണു് ഈ സ്ലാബ് വീണതു്. ഏതാണ്ടു് ആറുമണിയോടുകൂടിയാണു് അതിനുള്ളിൽപ്പെട്ട മൂന്നു ആളുകളെ എടുത്തതു്. രണ്ടു മണിക്കൂറോളം പാവപ്പെട്ട ആ മനുഷ്യർ അതിനുള്ളിൽ കഴിയേണ്ടിവന്ന ഏറ്റവും ദുഃഖകരമായ അവസ്ഥ എങ്ങിനെയുണ്ടായി എന്നു് അന്വേഷിക്കണമെന്നാണെന്റെ അഭിപ്രായം. തിരുവനന്തപുരം പട്ടണത്തിനു് ഇത്രമാത്രം അടുത്തു നടന്ന ഈ സംഭവത്തിൽ, അപകടത്തിൽപ്പെട്ട ഈ പാവപ്പെട്ട ജോലിക്കാർ രണ്ടുമണിക്കൂർവരെ ഇടിഞ്ഞുവീണ കെട്ടിടത്തിനുള്ളിൽ കിടന്നു നരകിക്കാൻ ഇടയായ സാഹചര്യം എന്താണു്? അവരെ രക്ഷിക്കാൻ മറ്റു മാർഗ്ഗം ഉണ്ടായിരുന്നില്ലേ? ഒരാൾ മരിക്കാൻകൂടി ഇടയാക്കിയ ഈ സംഭവം വളരെ ഗൗരവതരമായി ഈ സഭ എടുക്കേണ്ടതല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്.

Mr. Speaker : We need not have a discussion now. Please try to conclude.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ഈ. പി. ഗോപാലൻ: സർ, മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളെ കിടക്കുന്നതിനു തൊട്ടടുത്താണു് ഇങ്ങനെയൊരു കൺസ്ട്രക്ഷൻ നടത്തിയതു്. അതു കാര്യമായി എടുക്കുന്നില്ലെങ്കിൽ വളരെ അപകടമുണ്ടു്. ഇങ്ങനെയാണെങ്കിൽ ക്ലാലിപ്പണിക്കു് പോകുന്നവർ തങ്ങളുടെ ജീവൻ പണയംവച്ചിട്ടുവേണം ഇവിടത്തെ P. W. വകപ്പിലെ കെട്ടിടനിർമ്മാണത്തിനു പോകാൻ എന്നു വന്നുകൂടും. അതുകൊണ്ടു് ഇക്കാര്യം ഈ സഭാതലത്തിൽ, ചർച്ചചെയ്യേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. കിട്ടുന്ന വിവരങ്ങളും ശേഖരിച്ചു് അതുവച്ചു് മറുപടിപറഞ്ഞിട്ടു് ഉഴറി മാറുന്നതു ശരിയല്ല. കെട്ടിടം വീഴാനുണ്ടായ കാരണം എന്താണു്; വീണതിനുശേഷം എന്തുചെയ്തു, അതിനകത്തായ പാവപ്പെട്ട പണിക്കാരെ രക്ഷിക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചു; ഉടനെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നെങ്കിൽ മരണം ഒഴിവാക്കാമായിരുന്നില്ലേ, ഇതിന്റെ പണിയുടെ ഉത്തരവാദിത്വം വഹിക്കുന്നവരാരാണു്; പരിശോധനനടത്തിയ ഉദ്യോഗസ്ഥാനരാണു് എന്നിങ്ങനെ ഇതിന്റെ നാനാവശത്തെസംബന്ധിച്ചും കാര്യമായി ഈ സഭയിൽ ചർച്ചചെയ്യണമെന്നാണു് എന്റെ ഉറച്ച അഭിപ്രായം.

സർ, ഇന്നലെ വൈകുന്നേരം ഞങ്ങളും സംഘവസ്ഥലത്തു പോയിരുന്നു. ഇടിഞ്ഞുവീണ കാൺക്രീറു പണികളും പരിശോധിച്ചതിൽ, കാൺക്രീറു വെറും മൺകട്ടപോലെ പൊടിയുന്നതായികണ്ടു. വേണ്ടപോലെ സിമന്റു് ചേർത്തു ഉറപ്പായി കെട്ടിയിരുന്നതല്ല അതെന്നു കാണാൻകഴിഞ്ഞു. ഈ നിയമസഭയിൽതന്നെ മുൻപു പലപ്പോഴും പരാമർശിച്ചിട്ടുള്ളതാണു്, സിമന്റു ഉപയോഗിക്കുന്നതിൽ കാണിക്കുന്ന കുറുകരമായ കൃത്രിമത്തെപ്പറ്റി. ഇങ്ങനെയുള്ള പലതും വ്യക്തമാകാൻ ഈ കാര്യം ഈ സഭയിൽ ചർച്ചചെയ്യാൻ അനുവദിക്കണമെന്നപേക്ഷിക്കുന്നു. ആ ഉദ്ദേശത്തിലാണു് ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മനുഷ്യജീവിതം പ്രാധാന്യമുള്ളതാണെന്നു കരുതുന്നുണ്ടെങ്കിൽ, മനുഷ്യജീവിതത്തിനു് വല്ല വിലയും നമ്മുടെ സംസ്ഥാനത്തു കല്പിക്കപ്പെടുന്നുണ്ടെങ്കിൽ ഈ സംഗതി ഈ സഭ ചർച്ചചെയ്യണമെന്ന ഉറച്ച അഭിപ്രായം ഈ സഭയുടെ മുൻപാകെ ഞാൻ വയ്ക്കുകയാണു്. മനുഷ്യജീവിതത്തിനു് യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ലെങ്കിൽ, പാവപ്പെട്ട തൊഴിലാളികളും എലികളെപോലെ ചത്തുപോകുന്നതു കണ്ടുകൊണ്ടുനിൽക്കുകയാണെങ്കിൽ, കഷ്ടം എന്നുപറയുകയല്ലാതെ എന്തു നിവൃത്തി? ഈ വിഷയം നിശ്ചയമായും ഈ സഭയിൽ ചർച്ചചെയ്യാൻ അനുവദിക്കണമെന്നാണു് എനിക്കു് അങ്ങയോടു് അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ, എം. പി. ഗോവിന്ദൻനായർ: ഇതിൽ കൂടുതൽ ഗൗരവതരമായി ഈ സംഗതി കൈകാര്യംചെയ്യുന്നതു എങ്ങനെയാണു്. ഇന്നലെ വൈകുന്നേരമാണു സംഭവം ഉണ്ടായതു്. ഇന്നുരാവിലെ അതിനെസംബന്ധിച്ചു് വിശദമായി അന്വേഷിച്ചു് റിപ്പോർട്ട നൽകാൻ തിരുവനന്തപുരം കളക്ടരെ ചുമതലപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. കെ. ഭാസ്കരൻ: രണ്ടു മണിക്കൂർ സമയം തൊഴിലാളികളും അതിനുള്ളിൽ കിടക്കേണ്ടിവന്നു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: എന്റെ അറിവിൽ അങ്ങനെ കിടക്കേണ്ടിവന്നിട്ടില്ല. ഏതായാലും ഈവക കാര്യങ്ങളെല്ലാം അന്വേഷണത്തിൽ അറിയാൻ കഴിയും. ആ വിവരങ്ങളും ഈ സഭയ്ക്കു് അറിയാൻ അങ്ങനെ സൗകര്യമുള്ളതുകൊണ്ടു ഇതിനു ഒരു പ്രത്യേക ചർച്ചയുടെആവശ്യമില്ല.

Mr. Speaker: In the light of the facts stated by the Minister, I withhold consent to the moving of the motion.

Calling attention to matters of urgent Public Importance under Rule 61:

Mr. Speaker: A reply is due to Mr. E. P. Gopalan's notice under Rule 61. The reply will be given by the Minister tomorrow.

LIBRARY ARCHIVES Kerala Legislative Assembly